ദീപിക

13 November 2017

## മത്സ്യമേഖലയിൽ

# ഇൻഷ്വറൻസ് കാര്യക്ഷമമല്ലെന്ന് സിഎംഎഫ്ആർഐ പഠനം

**മത്സ്യമേഖലയിൽ ഇൻഷ്വറൻസ് പോളിസികൾ വളരെ കുറവ്**

**കൊച്ചി:** രാജ്യത്തെ മത്സ്യമേഖലയിൽ ഇൻഷ്വറൻസ് പരിരക്ഷ കാര്യക്ഷമമല്ലെന്ന് കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ (സിഎംഎഫ്ആർഐ) പഠന റിപ്പോർട്ട്. മറ്റു കാർഷിക മേഖലകളെ അപേക്ഷിച്ച് മത്സ്യമേഖലയിൽ ഇൻഷ്വറൻസ് പോളിസികൾ വളരെ കുറവാണ്.

കടലിൽ മീൻപിടിക്കുന്നവർക്കുള്ള അപകട ഇൻഷ്വറൻസ് പരിരക്ഷ മാത്രമാണ് ഈ മേഖലയിൽ പ്രചാരത്തിലുള്ളത്. എന്നാൽ, മീൻപിടിത്ത ബോട്ടുകൾക്കും ഉപകരണങ്ങൾക്കുമുള്ള കേടുപാട്, തീരദേശ ജംഗമവസ്തുക്കൾക്ക് സംഭവിക്കുന്ന നാശനഷ്ടം തുടങ്ങിയവയ്ക്ക് കേരളത്തിലുൾപ്പെടെ വളരെ പരിമിതമായ അളവിൽ മാത്രമാണ് ഇൻഷ്വറൻസ് പരിരക്ഷ നിലവിലുള്ളത്.

സിഎംഎഫ്ആർഐയിലെ സാമൂഹിക സാമ്പത്തിക അവലോകന വിഭാഗം ശാസ്ത്രജ്ഞനായ ഡോ. ഷിനോജ് പാറപ്പുറത്താണ് പഠനത്തിന് നേതൃത്വം നൽകിയത്. കേരളം, തമിഴ്നാട്, ആന്ധ്രപ്രദേശ്, ഗുജറാത്ത്, ഒഡീഷ എന്നീ സംസ്ഥാനങ്ങളിലെ 14 മത്സ്യബന്ധന കേന്ദ്രങ്ങളിലും കേരളത്തിലെയും തമിഴ്നാട്ടിലെയും മത്സ്യകർഷകർക്കിടയിലുമാണ് സിഎംഎഫ്ആർഐ പഠനം നടത്തിയത്. ഇൻഷ്വറൻസ് കമ്പനികളിൽ നിന്നും സർക്കാർ തലങ്ങളിൽ നിന്നുമുള്ള വിവരങ്ങൾ പഠനത്തിനായി ഉപയോഗപ്പെടുത്തി.

മത്സ്യബന്ധന ബോട്ടുകൾക്ക് കേരളം, തമിഴ്നാട്, ആന്ധ്രപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ വളരെ കുറഞ്ഞ അളവിൽ മാത്രമാണ് ഇൻഷ്വറൻസ് പരിരക്ഷയുള്ളത്. എന്നാൽ, വ്യക്തിഗത അപകട ഇൻഷ്വറൻസ് പരിരക്ഷ കേരളത്തിൽ നിന്ന് സർവേയിൽ പങ്കാളികളായ 80 ശതമാനം പേരും ഉറപ്പുവരുത്തിയിട്ടുണ്ട്.

ശുദ്ധജല-ഓരുജലാശയങ്ങളിൽ മത്സ്യകൃഷി ചെയ്യുന്ന ആരും തന്നെ ഇൻഷ്വറൻസ് പരിരക്ഷ നേടിയതായി സർവേയിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.